**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **31-01-2024 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിലെ പൊറ്റേത്തറ കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം അനുവദിച്ച ഒരു കോടിരൂപയിൽ എത്ര രൂപ ചെലവാക്കിയെന്ന് വിശദമാക്കാമോ; | (എ) | 24,10,296/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ബാക്കി വന്ന തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് ഉണ്ടായിട്ടും ടി തുക ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | നിർവ്വഹണ ഏജൻസിയായ കേരളാസ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തുടർ നിർമ്മാണത്തിന് യഥാസമയം ടെൻഡർ നടപടി സ്വീകരിക്കാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. 2016-17 ൽ തെരഞ്ഞെടുക്കപ്പെട്ട കോളനിയായതിനാൽ പൊറ്റേത്തറ കോളനിയിലെ ശേഷിയ്ക്കുന്ന പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനും അംബേദ്കർ ഗ്രാമം പദ്ധതി നിലവിലെ അവസ്ഥയിൽ അവസാനിപ്പിയ്ക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള റോഡ് പ്രവൃത്തി NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നത് പരിശോധിച്ചു വരുന്നു. |
| (സി) | റോഡുകളും മറ്റും ഇല്ലാത്തതിന്റെ ഭാഗമായി ടി പ്രദേശത്തെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മറുപടി (ബി )പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ